**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2798</u>** **<u>28-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>കാക്കവയൽ വനപർവ്വം വികസന പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ കാക്കവയൽ വനപർവ്വം ശലഭോദ്യാനത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ കാക്കവയൽ വനപർവ്വത്തിൽ ശലഭോദ്യാനം, നക്ഷത്രവനം, ഔഷധത്തോട്ടം, വെള്ളച്ചാട്ടം കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരം, വെള്ളച്ചാട്ടം വരെയുള്ള നേച്ചർ ട്രെയിൽ, ഇന്റർപ്രട്ടേഷൻ സെന്റർ വഴി പ്രകൃതി പഠന ക്യാമ്പുകൾ എന്നിവ നടപ്പാക്കി വരുന്നു. മെഡിസിനൽ ഗാർഡൻ, ശലഭോദ്യാനം എന്നിവ നവീകരിക്കുന്നതിനുള്ള പ്രവൃത്തികളും നടത്തിയിട്ടുണ്ട്. |
| (ബി) | വനപർവ്വം ഇക്കോ ടൂറിസം കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | കാക്കവയൽ വനസംരക്ഷണ സമിതി മുഖാന്തിരം നടത്തി വരുന്ന കാക്കവയൽ ഇക്കോടൂറിസം കേന്ദ്രത്തിൽ ഇന്റർപ്രട്ടേഷൻ സെന്റർ, ശലഭോദ്യാനം, നക്ഷത്രവനം, ഔഷധത്തോട്ടം, വെള്ളച്ചാട്ടം കേന്ദ്രീകരിച്ചുള്ള വിനോദ സഞ്ചാരം, വെള്ളച്ചാട്ടം വരെയുള്ള നേച്ചർ ട്രെയിൽ, ടോയ്‌ലറ്റ് സൗകര്യം എന്നിവയാണ് സന്ദർശകർക്കായി ഏർപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതിന് അംഗീകാരം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ വനം വകുപ്പ് കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ